(ബി) എന്നാണ് പരാതി ലഭിച്ചതെന്നും എന്നാണ് കേസ് രജിസ്റ്റർ ചെയ്തതെന്നും എത്ര പ്രതികളാണ് കേസ്സിൽ ഉള്ളതെന്നും ഇവരിൽ ആരെയൊക്കെ എപ്പോൾ അറസ്റ്റ് ചെയ്തു എന്നും വ്യക്തമാക്കുമോ;

(സി) പ്രതികളെ അറസ്റ്റ് ചെയ്യുവാൻ കാലതാമസം ഉണ്ടായതായി പരാതി ശ്രദ്ധയിൽവന്നിട്ടുണ്ടോ;

(ഡി) കാലതാമസം ഉണ്ടാകുവാൻ കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ സ്ഥാപനത്തിൽ വീണ്ടും 19.2.99-ൽ അക്രമം ഉണ്ടായതായും സാധനങ്ങൾ മോഷ്ടിച്ചതായും പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ കേസ് എടുത്തിട്ടുണ്ടോ; എപ്പോൾ കേസ് രജിസ്റ്റർ ചെയ്തു എന്ന് വ്യക്തമാക്കുമോ;

(എഫ്)തൊണ്ടിസാധനങ്ങൾ കോട്ടയത്ത് ചിറയിൻപാടത്ത് ഉണ്ടെന്നും വ്യക്തമാക്കുന്ന പരാതി 13.4.99-ൽ പോലീസിന് ലഭിച്ചിരുന്നുവോ; എങ്കിൽ തൊണ്ടിസാധനങ്ങൾ കണ്ടെത്തുവാൻ പോലീസിന് സാധിക്കാത്തത് എന്തുകൊണ്ടാണ്;

(ജി) പ്രസ്തുത കേസ് അന്വേഷണത്തിൽ ഏതെങ്കിലും ഉദ്യോഗസ്ഥന്മാർ വീഴ്ചവരുത്തിയതായി കരുതുന്നുണ്ടോ; എങ്കിൽ അവർക്കെതിരെ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 31.5.99-ൽ നശിപ്പിച്ചതായ പരാതി ലഭിച്ചിട്ടില്ല.

(ബി) 30.1.99-ൽ നടന്ന സംഭവത്തെ സംബന്ധിച്ച് 2.2.99-ൽ പരാതി ലഭിച്ചു. അന്നുതന്നെ കേസ് രജിസ്റ്റർ ചെയ്തു. കേസ്സിൽ 5 പ്രതികളുണ്ട്. ഇവരിൽ ഒന്നുമുതൽ മൂന്നുവരെ പ്രതികളായ ഗിരീഷ്, വി.എം. കുമാർ, കൊച്ചുമോൻ എന്നിവരെ 22.4.99-ൽ അറസ്റ്റു ചെയ്തു.

(സി)&(ഡി) കാലതാമസം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) അക്രമം നടന്നതായി 20.2.99-ന് പരാതി ലഭിച്ചിട്ടുണ്ട്. കേസ് നിലവിലുള്ളതിനാൽ പ്രത്യേകം കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

(എഫ്)പരാതി ലഭിച്ചിരുന്നു. സെർച്ച് ചെയ്തെങ്കിലും തൊണ്ടിവകയിൽപ്പെട്ട സാധനങ്ങൾ ഒന്നും കണ്ടെടുക്കാൻ സാധിച്ചില്ല.

(ജി) അത്തരം റിപ്പോർട്ടുകളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

48 (674) മദ്യവും മയക്കുമരുന്നും വ്യാപാരികൾക്കെതിരെ നടപടി

ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ നഗരങ്ങളിലും ഗ്രാമങ്ങളിൽ പല സ്ഥലങ്ങളിലും വ്യാജവാറ്റും ചാരായ വിതരണവും നടത്തുന്ന ആളുകൾക്കെതിരെ പോലീസ് ഫലപ്രദമായി നടപടികൾ സ്വീകരിക്കുന്നില്ല എന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മദ്യവും മയക്കുമരുന്നും ഉൽപ്പാദിപ്പിക്കുകയും, വിപണനം നടത്തുകയും ചെയ്യുന്നവർക്കെതിരെ 1997 ജനുവരി മുതൽ 1999 മേയ് വരെ എത്ര കേസ്സുകൾ പോലീസ് എടുത്തിട്ടുണ്ട്; ഇതിൽ എത്രയെണ്ണം ചാർജ്ജ് ചെയ്തിട്ടുണ്ട്;

(സി) മദ്യത്തിനും മയക്കുമരുന്നിനുമെതിരെ പോലീസ് എക്സൈസ് ഡിപ്പാർട്ടുമെന്റുകൾ സംയുക്തമായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്?

ഉത്തരം

(എ) ഇല്ല.

(ബി) 11588 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 8713 കേസ്സുകൾ ചാർജ്ജ് ചെയ്തിട്ടുണ്ട്.

(സി) പോലീസ് വകുപ്പും എക്സൈസ് വകുപ്പും യോജിച്ച് റെയിഡുകൾ നടത്തി കുറ്റവാളികളെ കർശനമായി ശിക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു. ഇതിനുപുറമേ അടിക്കടിയുള്ള റെയിഡുകൾ, മിന്നൽ പരിശോധനകൾ, അതിർത്തികളിൽ ചെക്കുപോസ്റ്റുകൾ സ്ഥാപിച്ചുള്ള പരിശോധന, മദ്യവിരുദ്ധ സമിതികൾക്ക് പരിപൂർണ്ണ സംരക്ഷണം നൽകുക തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു.

49 (675) വിഷമദ്യ ദുരന്തം സംബന്ധിച്ച അന്വേഷണം

ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം, കുട്ടനാട് പ്രദേശങ്ങളിൽ ഒമ്പതുപേരുടെ മരണത്തിന് ഇടയായ വിഷമദ്യ ദുരന്തത്തെക്കുറിച്ച് ക്രൈംബ്രാഞ്ച് നടത്തുന്ന അന്വേഷണം പൂർത്തിയായോ;

(ബി) ഈ കേസ്സിലെ പ്രതികളെയെല്ലാം അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അറസ്റ്റ് ചെയ്യുന്നതിനുള്ള നടപടികൾ അടിയന്തിരമായി എടുക്കുമോ;

(സി) വിഷമദ്യം ഉണ്ടാക്കിയത് എന്തിൽ നിന്നാണെന്നും അവ എവിടെനിന്നാണ് പ്രതികൾക്ക് കിട്ടിയതെന്നും തെളിഞ്ഞിട്ടുണ്ടോ;

(ഡി) എങ്കിൽ വിഷമദ്യം ഉണ്ടാക്കുവാനുള്ള വസ്തുക്കൾ നൽകിയവർക്ക് എതിരെ കേസെടുത്തിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(എഫ്) കോട്ടയം ഗജപ്രിയ പാർസൽ സർവ്വീസ് കെട്ടിടത്തിൽനിന്നും 19.2.99-ൽ ബലം പ്രയോഗിച്ച് എടുത്തുകൊണ്ടുപോയ വസ്തുക്കൾ ഉപയോഗിച്ചാണ് വിഷമദ്യം ഉണ്ടാക്കിയത് എന്നുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) ഇതു ശരിയാണെങ്കിൽ ഇതിന് ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അന്വേഷണം പൂർത്തിയായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly